# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6396** 31.10.2011-ലെ മറുപടിക്ക്

**രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടോ എന്ന വിവരം ലഭ്യമാക്കാമോ; | എ) 2006 ഒക്ടോബർ മാസം 2-ാം തീയതിയിൽ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്റ്റ് പാർലമെന്റ് അംഗീകരിച്ചതുമുതൽ വ്യവസായ രജിസ്ട്രേഷൻ നടപടികൾ അവസാനിക്കുകയുണ്ടായി. വ്യവസായ രജിസ്ട്രേഷൻ നിലനിന്നിരുന്ന കാലഘട്ടത്തിലും രജിസ്ട്രേഷൻ നിർബന്ധമായിരുന്നില്ല. വ്യവസായ രജിസ്ട്രേഷനിലൂടെയുള്ള സേവനങ്ങൾ ആഗ്രഹിക്കാത്ത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഒഴിവാക്കാമായിരുന്നു. ഈ സാഹചര്യത്തിൽ 2006 വരെ കേരളത്തിൽ രജിസ്റ്റർ ചെയ്യാതെയുള്ള സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നു. എന്നാൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്റർപ്രന്യൂർ മെമ്മോറാണ്ടം (EM) ഫയലിംഗ് നിർബന്ധമില്ല. ഇടത്തരം ഉല്പാദന സംരംഭങ്ങൾക്ക് മാത്രമേ എന്റർപ്രന്യൂർ മെമ്മോറാണ്ടം (EM) ഫയലിംഗ് നിർബന്ധമുള്ളൂ. |
| ബി) എങ്കിൽ അവ എത്രയാണെന്ന് വ്യക്തമാക്കാമോ; | ബി) ബാധകമല്ല |
| സി) ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? | സി) എന്റർപ്രന്യൂർ മെമ്മോറാണ്ടം ഫയൽ ചെയ്യുവാൻ എല്ലാ സ്ഥാപനങ്ങൾക്കും അവസരമുണ്ട്. |

സെക്ഷൻ ഓഫീസർ.